വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) :

(എ) കൃത്യമായ കണക്കുകൾ ലഭ്യമല്ല. ഏകദേശ കണക്കനുസരിച്ച് 2.02 ലക്ഷം തൊഴിലാളികൾ കയർ വ്യവസായത്തിലെ സഹകരണ മേഖല ഒഴിച്ചുള്ള മറ്റ് എല്ലാ മേഖലയിലുംകൂടി പണിയെടുക്കുന്നു.

(ബി) ഗവൺമെൻറ് തൊണ്ട് ശേഖരിച്ച് ആർക്കും കൊടുക്കുന്നില്ല. തൊണ്ട് നിയന്ത്രണ ഉത്തരവിൻപ്രകാരം പെർമിറ്റ് നൽകുകയാണ് ചെയ്യുന്നത്.

(സി) 'ബി' യുടെ ഉത്തരത്തിൻറെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ) ഉദിക്കുന്നില്ല.

ഗവൺമെൻറു വക വനേതരഭൂമി

* 329. [388] ശ്രീ. കെ.ടി. കണാരൻ :
,, വി.കെ. രാജൻ :
,, കെ.വി. സുരേന്ദ്രനാഥ്
,, കെ.ആർ. ചന്ദ്രമോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കൃഷിക്കും ആംപാർപ്പിനും പറ്റുന്ന തരത്തിൽ വീണ്ടെടുത്തു നന്നാക്കാവുന്ന ഗവൺമെൻറു വക വനേതര ഭൂമി എത്ര ഹെക്ടർ ഉണ്ടെന്നു പ്രസ്താവിക്കുമോ ;

(ബി) വനഭൂമിയിലും പുറമ്പോക്കുകളിലും ഉള്ള സമ്മർദ്ദം ലഘൂകരിക്കാൻ ഇത്തരം ഭൂമി വീണ്ടെടുത്ത് വിതരണം ചെയ്യാൻ ഒരു സമഗ്രമായ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) കേരളാ ഭൂമി പതിവു നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം സർക്കാർ വക പുറമ്പോക്കു ഭൂമി ഉചിതമായ രീതിയിൽ പതിച്ചുകൊടുക്കാൻ സമഗ്രമായ വ്യവസ്ഥയുണ്ട്.

മെഴുകുതിരി വ്യവസായത്തിലെ പ്രതിസന്ധി

* 330. [389] ശ്രീമതി കെ.ആർ. ഗൗരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പാരഫിൻ വാക്സിനു വില വർദ്ധിച്ചതുകാരണം സംസ്ഥാനത്തെ മെഴുകുതിരി വ്യവസായം പ്രതിസന്ധിയിലാണെന്ന വിവരം സർക്കാരിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനു പരിഹാരം കാണുന്നതിന് വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly